(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പരിയാരം-മായിൻ ചേരി പട്ടികജാതി കോളനി റോഡ് ടാറിംഗിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 2001-02 വർഷത്തെ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം 10 റോഡുകളുടെ പണികൾ ഏറ്റെടുത്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) കണ്ണൂർ ജില്ലയിലെ ചങ്ങല ഗെയ്റ്റ് പെരുവ റോഡ്, കുത്തുപറമ്പ് പാങ്ങിക്കൽ നരിക്കോട്-മല റോഡ്, ഇരിക്കൂർ പടച്ചിക്കണ്ടം റോഡ്. *ഇരിക്കൂർ പടച്ചിക്കണ്ടം റോഡ് കുത്തുപറമ്പ് തൃപ്പങ്ങോട്ടൂർ പാങ്ങിക്കൽ നദികോട് മല കോളനി റോഡ് എന്നിവയുടെ പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ ലിസ്റ്റിൽ വേട്ടുവ, പുലയ വേട്ടുവ സമുദായങ്ങളെ ഉൾപ്പെടുത്താൻ നടപടി

74 (4015) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.സി./എസ്.റ്റി. ലിസ്റ്റിൽ നിന്ന് വേട്ടുവ, പുലയ വേട്ടുവ സമുദായങ്ങളെ ഒഴിവാക്കിയത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായമായി എന്താണ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) പട്ടികജാതിയിൽ ഉൾപ്പെടുന്നവർ എന്ന നിലയിൽ വേട്ടുവ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും മറ്റും നിലനിർത്തികിട്ടുന്നതിന് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) വിദ്യാഭ്യാസം, ചികിത്സ, പെൻഷനുകൾ, സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ നിന്നുള്ള സഹായങ്ങൾ സുരക്ഷാ പദ്ധതികളിൽ നിന്നുള്ള സഹായങ്ങൾ ഉൾപ്പെടെ ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് പുതിയ നിയമത്തിന്റെ ഭാഗമായി ഉണ്ടാകുന്ന വൈഷമ്യങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ഇ) ഈ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) അറിയിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പഴയകൊച്ചി സംസ്ഥാനം ഒഴികെയുള്ള പ്രദേശത്തുകൂടി വേട്ടുവരേയും, പുലയ വേട്ടുവരേയും, പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് സംസ്ഥാന മന്ത്രിസഭ തീരുമാനിക്കുകയും അക്കാര്യം 27-6-2003-ലെ 9096/ജി1/03/ എസ്.സി.എസ്.റ്റി.ഡി.ഡി. കത്തുപ്രകാരം കേന്ദ്രസർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഭരണഘടനാഭേദഗതി ഉണ്ടാവുന്നതുവരെ ഒരു ഓർഡിനൻസിലൂടെ ഇവരെ പട്ടികജാതിക്കാരായി പ്രഖ്യാപിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) 30-6-2003-ലെ ജി.ഒ. (ആർ.റ്റി) 534/03 പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം മുൻകൊച്ചി സംസ്ഥാനമൊഴികെയുള്ള സ്ഥലങ്ങളിൽ വസിക്കുന്ന വേട്ടുവ, പുലയ വേട്ടുവ സമുദായാംഗങ്ങളെ ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് മാത്രമേ തീരുമാനമെടുത്തിട്ടുള്ളു.

(ഇ) പാർലമെന്റിൽ ഉന്നയിക്കുന്നതിനായി ഇക്കാര്യം കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരം കേസെടുക്കാൻ നടപടി

75 (4016) ശ്രീ. വി. ബാലറാം :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വിധത്തിലുള്ള കുറ്റകൃത്യങ്ങൾക്കാണ് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരം കേസെടുക്കുന്നത് എന്ന് വെളിപ്പെടുത്താമോ ;

(ബി) പത്തനംതിട്ട പൊങ്ങലടിയിലെ ദളിത് വനിതയെ നഗ്നമാക്കി ക്രൂരമായി മർദ്ദിച്ച സംഭവത്തിൽ പ്രസ്തുത നിയമപ്രകാരം കേസെടുത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഇതുവരെ ഈ നിയമ പ്രകാരം ഏതെങ്കിലും കേസ് എടുത്തിട്ടുണ്ടോ ;

(ഇ) ഈ യുവതിക്ക് പട്ടികജാതി ക്ഷേമവകുപ്പിൽ നിന്ന് എന്തെല്ലാം സഹായം നൽകിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly